# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 82
28-10-2019-ലെ മറുപടിയ്ക്ക്

**പ്രളയ ദുരിതാശ്വാസ സഹായം**

| **ചോദ്യം**<br>**ശ്രീ.കെ.സി.ജോസഫ്** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| എ) 2018 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയ ദുരിതാശ്വാസ സഹായത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര കോടി രൂപ സഹായമായി ലഭിച്ചുവെന്ന് അറിയിക്കുമോ; | 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് 21.10.2019 വരെ 4655.29 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ചിട്ടുണ്ട്. |
| ബി) ദുരിതാശ്വാസ സഹായമായി എത്ര കോടി രൂപ നൽകിയെന്നും ഏതെല്ലാം വിഭാഗത്തിലാണ് സഹായം നൽകിയതെന്നും വെളിപ്പെടുത്തുമോ; | ദുരിതാശ്വാസ സഹായമായി 21.10.2019 വരെ 2720,99,63,536/- രൂപ (രണ്ടായിരത്തി എഴുനൂറ്റി ഇരുപത് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി അറുപത്തി മൂന്നായിരത്തി അഞ്ഞൂറ്റി മുപ്പത്തിയാറ് രൂപ) ധനസഹായമായി നൽകിയിട്ടുണ്ട്. പൂർണമായി വീട് തകർന്നവർ, ഭാഗികമായി വീട് തകർന്നവർ, മരണപ്പെട്ടവർ, ദുരിതബാധിതർ, വീട്ടുകളിൽ വെള്ളം കയറിയവർ, കൃഷിനാശം സംഭവിച്ചവർ, മത്സ്യബന്ധന - വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർ എന്നീ വിഭാഗങ്ങളിലായിട്ടാണ് ടി തുക നൽകിയിട്ടുള്ളത്. |
| സി) 2019 ഓഗസ്റ്റിലുണ്ടായ പ്രളയത്തിൽ ദുരിതാശ്വാസ സഹായമായി ഏതെല്ലാം വിഭാഗങ്ങളിൽ എത്ര കോടി രൂപ നൽകിയെന്ന് അറിയിക്കുമോ; | 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് അടിയന്തിര ആശ്വാസ ധനസഹായമായി ഒരുലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിയഞ്ച് കുടുംബങ്ങൾക്ക് പതിനായിരം രൂപ വീതം നൂറ്റി ഇരുപത് കോടി അൻപത്തിമൂന്ന ലക്ഷത്തി അൻപതിനായിരം രൂപ 28-10-2019 വരെ അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി) പ്രളയക്കെടുതികളിൽ വമ്പിച്ച നാശനഷ്ടം സംഭവിച്ച ചെറുകിട കച്ചവടക്കാർക്കും മറ്റ് വ്യാപാരികൾക്കും എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; ഇവരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | പ്രളയക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച ചെറുകിട ഇടത്തരം കച്ചവടക്കാർക്കും വാണിജ്യവ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരംഭകർ എന്നിവർക്കും ബാങ്ക് വായ്പയിന്മേലുള്ള മാർജിൻമണി ബാങ്കുകൾക്ക് നൽകുന്നതിനായി 'ഉജ്ജീവൻ വായ്പ പദ്ധതി' നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 21.10.2019 വരെ 1.50 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ